സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാനിതിനെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നതു സംബന്ധിച്ച 1935-ലെ കേരള (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

## (5) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ, കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. കരുണാകരൻ: സബ്ജക്ട് കമ്മിറ്റിയിൽ പോയ അവസരത്തിൽ ഒരു കാര്യത്തിൽ മാത്രമാണ് അഭിപ്രായ വ്യത്യാസമുണ്ടായിട്ടുള്ളത്. ഇതിന്റെ കൂടിയാലോചനക്ക് വേണ്ടത്ര സമയം കിട്ടിയിട്ടില്ല എന്നുപറഞ്ഞു. അതു ശരിയല്ല. ഇത് പല ഘട്ടങ്ങളിലായിട്ടാണ് ആലോചിച്ചിരുന്നത്. എല്ലാവർക്കും ഒരേ അഭിപ്രായം സ്വീകരിക്കുവാൻ സാധിച്ചില്ല. വ്യത്യസ്തമായ നിരക്കാണ് പല ആളുകളും നിർദ്ദേശിച്ചിരുന്നത്. ആദ്യം പെൻഷൻ ഏർപ്പെടുത്തുന്ന അവസരത്തിൽ പാർലമെന്റിൽ സ്വീകരിച്ച നയത്തിനനുയോജ്യമായ നയമായിരുന്നു ഈ ബില്ലിലും സ്വീകരിച്ചത്. ഒരു മാറ്റം മാത്രമേയുണ്ടായിരുന്നുള്ളു. പാർലമെന്റിൽ അഞ്ചുകൊല്ലമെന്ന് നിശ്ചയിച്ചിരുന്നതാണ്. കാരണം പാർലമെന്റ് ആറുകൊല്ലത്തിൽ കുറയില്ലെന്നുള്ളതുകൊണ്ടാണ്. നേരെ മറിച്ച്, കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം അഞ്ചുകൊല്ലം പൂർത്തിയാക്കുകയെന്നുള്ളതു അപൂർവ്വമായ കാര്യമായിരുന്നു. അഞ്ചുകൊല്ലമെന്നുള്ളതു മാത്രം ഒരു ഭേദഗതി വരുത്തിക്കൊണ്ട് ഒരു മാസത്തെ ശമ്പളം മാക്സിമം പെൻഷനായിട്ടാണ് പാർലമെന്റിൽ നിശ്ചയിച്ചത്. അതു അഞ്ഞൂറു രൂപയായിരുന്നു. അഞ്ഞൂറു രൂപ ഇവിടേയും ഇൻട്രൊഡ്യൂസ് ചെയ്തപ്പോൾ ഒരു മാസത്തെ ശമ്പളമാണ് പാർലമെന്റിൽ നിശ്ചയിച്ചിട്ടുള്ളതെന്നുള്ളതുകൊണ്ട് 450 രൂപയാക്കി. അതായത്, പാർലമെന്റിനെ ഫോളോ ചെയ്തിട്ടുണ്ടെന്നേർത്ഥം. ഇപ്പോൾ പാർലമെന്റ് സംഖ്യ നിശ്ചയിക്കുന്നതും പരിധിവെച്ചിട്ടാണ്. എത്ര കൊല്ലമാണോ എം. പി. യായിട്ട് ഇരിക്കുന്നത് അത്രയും കൊല്ലം, ഓരോ കൊല്ലത്തിന് അൻപത് രൂപ വെച്ച് കൊടുക്കുവാനാണ് തീരുമാനിച്ചത്. ഇവിടെ നമ്മൾ അപ്പർ ലിമിറ്റ് എടുത്തുകളഞ്ഞുവെന്നു മാത്രമേയുള്ളു. ഇന്നുള്ള 450 രൂപയെന്നുള്ള റേറ്റു ഫിക്സ് ചെയ്യുന്നതിന് അപ്പർ ലിമിറ്റ് എടുത്തുകളയുന്ന ഒരു ഭേദഗതി മാത്രമാണിത്. ഇതു പൊതുവെ അംഗീകരിക്കാവുന്നതാണ്. അതുകൊണ്ട് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, ഞങ്ങൾ വിയോജനക്കുറിപ്പ് ഉന്നയിച്ചിട്ടുണ്ട്. 'പരമാവധി' അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്ന സംഖ്യയുടെ എണ്ണത്തെപ്പറ്റി ലോകസഭയിൽ പറഞ്ഞിട്ടില്ല. അതുകൊണ്ട് നമ്മുടേതിന് പരമാവധി വയ്ക്കണം. 750 രൂപ വരെ പരമാവധി ഒരു അതിര് വയ്ക്കുക. ലോകസഭയിലാണെങ്കിൽ അതിന് അതിർത്തിയില്ല. ആ അടിസ്ഥാനത്തിൽ കേരള നിയമസഭയിൽ ഇത് പാസ്സാക്കുന്നത് ഉചിതമല്ല. ലോകസഭ ഒരു വലിയ സഭയാണ്. ഇത് ഒരു ചെറിയ സഭയും.

മി. സ്പീക്കർ :, ഓരോ സഭയും ആ സഭയുടെ കാര്യത്തിൽ പരമാവധി അധികാരമുള്ളവയാണ്.

ശ്രീ. ഇ. കെ. നായനാർ: പരമാധികാരമുണ്ട്, ആ സഭയുടെ ലെവൽ നോക്കുമ്പോഴും. അതുകൊണ്ട് ലോകസഭ വയ്ക്കുന്ന പാറ്റേൺ അതേ രൂപത്തിൽ വയ്ക്കുന്നത് ശരിയല്ല. സംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ ഈ ഭേഗതിയെ സംബന്ധിച്ച് ആലോചിക്കണമെന്നുള്ള അമെൻഡ്മെൻറ് ഓഫായിട്ട് കൊടുത്തിട്ടുള്ളത്. ഈ രീതിയിൽ എൻഡ്ലെസ് ആയിട്ട് പോകാൻ പാടില്ല എന്നുള്ളതാണ് ഞങ്ങൾ പൊതുവായിട്ടെടുത്തിട്ടുള്ളത്.

ശ്രീ. ബേബി ജോൺ: സർ, ഇതിനെ സംബന്ധിച്ച് ഒരു ഡിസെൻറിംഗ് നോട്ട് തയ്യാറാക്കാനിടയായ സാഹചര്യം ഇതിൽതന്നെ വളരെ സംക്ഷിപ്തമായി പറഞ്ഞിട്ടുണ്ട്. പെൻഷനുവേണ്ടിയുള്ള ഒരു തത്വം പാർലമെൻറിലും നിയമസഭയിലും - എല്ലാം അംഗീകരിച്ചിട്ടുണ്ട്. പക്ഷേ ഇവിടെ ഇതുവരെയായി നടന്നിട്ടുള്ള കീഴ്വഴക്കം എന്നു പറയുന്നത് ഒരു പരസ്പര ധാരണയിൽ യോജിച്ച് അഭിപ്രായപ്രകടനം നടത്തി ഒരു ധാരണയിൽ എത്തുകയെന്നുള്ളതാണ്. നിർഭാഗ്യവശാൽ ഇപ്പോഴതിന് കഴിഞ്ഞിട്ടില്ല. അങ്ങനെ ഒരു ചർച്ച നടന്നിരുന്നുവെങ്കിൽ അതിന് സമയം കണ്ടെത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ നമുക്ക് തീർച്ചയായും യോജിച്ച് ഒരു അഭിപ്രായത്തിൽ എത്താൻ കഴിയുമായിരുന്നു. ഞാൻ ഇന്നലെ ഇവിടെ സൂചിപ്പിച്ചതുപോലെ ഈ സമയം അതിന് പറ്റിയതല്ല. ഇപ്പോഴും ആ അഭിപ്രായത്തിൽത്തന്നെ നിൽക്കുകയാണ്. അടിയന്തിരമായി സുപ്രീം കോടതിയുടെ വിധിയെത്തുടർന്ന് സ്തംഭനമേഖലകൾ ഉണ്ടാകാതെയിരിക്കുന്നതിനുവേണ്ടി അടിയന്തിരമായി വിളിച്ചുകൂട്ടിയ, നിയമസഭാംഗങ്ങളുടെ പല അവകാശങ്ങളും കർട്ടെയിൽ ചെയ്യത്തക്കരീതിയിലുള്ള സാഹചര്യങ്ങളുണ്ടാക്കി വിളിച്ചുകൂട്ടിയ ഒരു സമ്മേളനത്തിൽ ഇത് അവതരിപ്പിക്കുന്നത് അനുചിതമാണ്. എം.എൽ.എ. മാർക്കും, പൊതു പ്രവർത്തകൻമാർക്കും പൊതുവെ മോശമായ ഒരു കാര്യമാണ് ഇത്. ഉദാഹരണമായി ഇപ്പോഴും ഇവിടെ ഒരു അഭിപ്രായം വന്നു. ദിവസശമ്പളക്കാരായിവരുന്ന ആളുകളുണ്ട്. അവർക്ക് ബുദ്ധിമുട്ട് കാണും. അതിനപ്പുറത്ത് ആ കാര്യത്തെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ഞാൻ ആരെയും കുറിച്ച് പറയുന്നില്ല ഇന്നിവിടെ ക്ഷേമനിധി ഉണ്ടാക്കിയില്ലേ? കോൺട്രിബ്യൂഷൻസ് ഇല്ലാതെ തന്നെ പലതും കൊടുക്കും. അങ്ങനെയുള്ള ക്ഷേമനിധി ഉണ്ടാക്കുന്നുണ്ട്. ഞാൻ പറഞ്ഞത്, ഈ സന്ദർഭം അതിന് അനുചിതമായിട്ടുള്ളതാണ് എന്നാണ്. അതിന് പാർലിമെൻറിന്റെ ചുവടുപിടിച്ച്, ആ നടപടി ക്രമങ്ങളുടെ ചുവടുപിടിച്ച് പോയതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു:

LIBRARY ARCHIVES Kerala Legislative Assembly

ആദ്യം പെൻഷൻ സമ്പ്രദായത്തിൽ നിയമനിർമ്മാണനടപടികളും സ്വീകരിക്കുന്ന അവസരത്തിൽ നമ്മളും ആ മാർഗ്ഗമാണ് സ്വീകരിച്ചത് എന്ന വസ്തുത ഞാൻ അംഗീകരിക്കുന്നു. പക്ഷേ ഇവിടെ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ചിലപ്പോഴും പാർലമെൻറ് സ്വീകരിക്കുന്ന എല്ലാ കാര്യങ്ങളും അതേ അളവിൽ നമുക്ക് സ്വീകരിക്കാൻ ഒക്കാതെ വരും. നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ സ്ഥിതിയും സാമ്പത്തിക സ്ഥിതിയും നമുക്ക് നോക്കണ്ടേ? നോക്കണമെന്നാണ് എന്റെ അഭിപ്രായം. ക്ഷയരോഗികൾക്ക് മരുന്ന് വാങ്ങിക്കാൻ കൊടുക്കാൻ ഇവിടെ പൈസയില്ല, അനാഥർക്ക് പെൻഷൻ കൊടുക്കുന്നില്ല. ഇതൊന്നും മനഃപൂർവ്വമാണെന്ന് ഞാൻ പറയുന്നില്ല.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ച് ഒന്നും പറയരുത്. അനാഥർക്ക് സർവ്വവിധ പെൻഷനുകളും കൊടുക്കുന്നുണ്ട്.

ശ്രീ. ബേബിജോൺ :—സർ, ഇതൊന്നും മനഃപൂർവ്വമാണെന്ന് ഞാൻ പറയുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): 750 രൂപയാക്കിയാൽ ക്ഷയരോഗികൾക്ക് കൊടുക്കാൻ ഉണ്ടാകുമോ?

ശ്രീ. ബേബിജോൺ): കാലാവധി പരിധിയില്ലാതെ വയ്ക്കുന്നതിൽ ഗുണമനുഭവിക്കേണ്ടിവരുന്ന കുറച്ചാളുകളിൽ ഒരാളാണ് ഞാൻ. അതറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ ഇതുപറയുന്നത്. നമ്മുടെ സംസ്ഥാനത്ത് ചില പ്രത്യേക സാഹചര്യങ്ങളും നിലനിൽക്കുന്നു, അത് സൂചിപ്പിക്കുവാൻ വേണ്ടിയാണ് ഞാൻ ഇത് പറഞ്ഞത്. നമ്മുടെ ധനകാര്യമന്ത്രി എന്തെല്ലാം അവകാശപ്പെട്ടാലും നമ്മുടെ സംസ്ഥാനത്ത് വളരെയേറെ സാമ്പത്തിക ബുദ്ധിമുട്ടുകളും ഉണ്ട്. നമ്മുടെ വികസനപ്രവർത്തനങ്ങളിലും മറ്റു പ്രവർത്തനങ്ങളിലും സാമ്പത്തിക ബുദ്ധിമുട്ടുകൾകൊണ്ട് പ്രയാസമുണ്ടാകുന്ന സാഹചര്യത്തിൽ ഇത് ആലോചിച്ചിരുന്നുവെങ്കിൽ ചിലപ്പോൾ ഈ ലിമിറ്റില്ലാതെ എന്നുള്ളത് മാറ്റി നേരത്തെ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ഒരു ഏകദേശധാരണയിൽ പൊതുവായ സ്ഥിതിഗതികളും കണക്കിലെടുത്തുകൊണ്ട് ചെയ്യാമായിരുന്നു. ഇപ്പോൾ ഞാൻ പ്രധാനമായും ഇതിനെ എതിർക്കുന്നത് തിരഞ്ഞെടുപ്പ് വരാൻപോകുന്ന ഈ സമയത്ത് പുതിയ ഗവൺമെൻറ്.....

ശ്രീ. എം. എം. ഹസ്സൻ: അങ്ങനെയാണെങ്കിൽ നമുക്ക് ഇതിൽ ഒരു ഭേദഗതി വരുത്തിയാലോ? ഇഷ്ടമില്ലാത്തവരാരും 750 രൂപയ്ക്കപ്പുറം വാങ്ങിക്കണ്ട, ഓപ്റ്റ് ചെയ്യാനുള്ള അവകാശം കൊടുത്തുകൊണ്ട്.....

ശ്രീ ബേബിജോൺ: നിയമനിർമ്മാണത്തിൽ വേണ്ടത്ര പരിചയമില്ലാതെ വരുമ്പോൾ ചിലർ ആവേശംകൊണ്ട് പറയുന്ന കാര്യങ്ങളാണിത്. ഒരു നിയമം വരുമ്പോൾ ആ നിയമം എല്ലാവർക്കും ബാധകമാണ്. അതിൽ പരിഹസിക്കേണ്ട ഒരു കാര്യവുമില്ല. പറയേണ്ട കാര്യങ്ങൾ പറയേണ്ട സ്ഥലത്ത് പറയുകയും ചെയ്യും, അതിന് യാതൊരു ബുദ്ധിമുട്ടുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ: ഏത് വ്യവസ്ഥ അനുസരിച്ചാണ് ഒപ്ഷൻ നിയമ വിരുദ്ധമാകുന്നതെന്ന് മനസ്സിലാക്കിയാൽ കൊള്ളാം.

[ശ്രീ. ബേബിജോൺ: ഞാനും അതുതന്നെയാണ് ചോദിക്കുന്നത്. ഏത് വ്യവസ്ഥയനുസരിച്ചാണ് ക്രിമിനൽ പ്രൊസീഡ്യുവർ കോഡിൽ കുറെങ്ങാം ഒപ്ഷനനുസരിച്ച് തീരുമാനിക്കുന്നത്. എവിടെയാണ്? നിയമം നമുക്ക് രണ്ടുപേർക്കും അറിയാമല്ലോ?

[ശ്രീ. കെ. കരുണാകരൻ: അവിടെ നിയമമുണ്ട്, Fine or imprisonment or both..... (ബഹളം) .....

[ശ്രീ. ബേബിജോൺ: ഞാൻ ഏതായാലും നിയമകാര്യത്തിൽ തർക്കിക്കുന്നില്ല. ഞാൻ മനസ്സിലാക്കിയത് നിയമനിർമ്മാണ നടപടികം വരുമ്പോം ..... (ബഹളം) ..... അതുകൊണ്ട് ഇപ്പോം ഇത് അനുചിതമാണ്, അനവസരമാണ്. തിരഞ്ഞെടുപ്പ് കഴിഞ്ഞുവരുന്ന പുതിയ ഗവൺമെൻറ് ആവശ്യമായ നിലയിലുള്ള നിയമനിർമ്മാണ നടപടികം നടത്തി ആവശ്യമായ നടപടികം സ്വീകരിക്കും: അതുകൊണ്ട് ഇത് മാറ്റിവയ്ക്കണം.

[ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാരണങ്ങംകൊണ്ടുതന്നെയാണ് ഞങ്ങം വിയോജനക്കുറിപ്പ് തയ്യാറാക്കിയത്. മുൻ സമ്മേളനങ്ങളിലും ഈ നിർദ്ദേശങ്ങം ഉണ്ടായി. എന്നിട്ട് യോജിച്ച് തീരുമാനം എടുക്കുവാൻ കഴിയാത്തതുകൊണ്ട് നീട്ടിവച്ചു. അതുതന്നെയാണ് ഞങ്ങൾക്ക് ഇപ്പോഴും പറയുവാനുള്ളത്. ഇതുപോലെയുള്ള പ്രധാനപ്പെട്ട നിയമസഭാസമ്മേളനം ഒരുപക്ഷേ കൂടാം അല്ലെങ്കിൽ പുതിയ നിയമസഭാസമ്മേളനം വരാം, രണ്ടോ മൂന്നോ മാസം യോജിച്ച് തീരുമാനത്തിലെത്താൻ വൈകിപ്പോയതുകൊണ്ട് അത്ര വലിയ അപകടമുണ്ടാകുന്ന ഒന്നല്ല ഇത്. എനിക്ക് പണം അവശ്യമാണ്. എനിക്ക് മറ്റു വരുമാന മാർഗ്ഗമില്ല. സാമ്പത്തികമായും മറ്റു വിധത്തിലും പ്രയാസമുണ്ട്. കാരണം, ജോലി രാജിവച്ച ഒരാളാണ് ഞാൻ. പക്ഷേ ഇതുപോലെയുള്ള കാര്യങ്ങം വരുമ്പോം ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചിരുന്ന് നമുക്ക് പൊരുത്തപ്പെടാവുന്ന ഒരു യോജിച്ച സമീപനത്തിലേയ്ക്ക കൊണ്ടുവരാകേണ്ടതായിരുന്നു. അത് ഈ ഗവൺമെൻറ് ചെയ്തില്ല. ഇന്ന് പാർലമെൻറിപാർട്ടി മാത്രം ചർച്ച ചെയ്താൽ പോരാ ഏതെങ്കിലും രാഷ്ട്രീയപാർട്ടിക്ക് അവിടെ സംസ്ഥാന കമ്മിറ്റിയിലും സംഘടനാതലത്തിലും ചർച്ച ചെയ്യണമെങ്കിൽ അതിന് അവസരം കിട്ടേണ്ടതായിരുന്നു. ഞങ്ങം മിനിഞ്ഞാന്ന് വന്നപ്പോഴാണ് ഇത് കിട്ടുന്നത്. അതുകൊണ്ട് ഒരു ചർച്ചയ്ക്ക് അവസരമുണ്ടായില്ല. പാർട്ടിയോട് കൂടും വിധേയത്വവുമുള്ള എം. എൽ. എ. മാർ എന്ന നിലയിൽ പാർട്ടിയിൽക്കൂടി ചർച്ചചെയ്ത് അവരുടെയുംകൂടി അംഗീകാരം വേണമെന്നുള്ളതുകൊണ്ടാണ് ഇത് മാറ്റി വയ്ക്കണമെന്നുള്ള അഭിപ്രായം പറഞ്ഞത്. ഇത് സ്വാഭാവികമായും ..... (ബഹളം) ..... ഏതായാലും, ഉദരപൂരണത്തിനുള്ള പാർട്ടിയല്ല ഞങ്ങളുടേത്. രാഷ്ട്രീയനയങ്ങം നടപ്പാക്കാനുള്ള പാർട്ടിയാണ്. അതുകൊണ്ട് ഇത് മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. പ്രഭാകരൻ: സർ, ഞാൻ ഈ ബില്ല് പാസ്സാക്കുന്നതിനോട് മൊത്തത്തിൽ എതിരാണ്. ഇത്, ഇപ്പോഴത്തെ മൂന്നു ദിവസത്തെ അടിയന്തിര സമ്മേളനത്തിൽ കൊണ്ടുവന്നുവെന്നുള്ളത് തീരെ അനൗചിത്യമാണ്. അതുകൊണ്ടുമാത്രമേ എതിർപ്പുള്ളൂ. ഇവിടെ മാർച്ചിലെ സമ്മേളനത്തിലും ഇതേ ബില്ലുതന്നെ കൊണ്ടുവന്നു. സബ്ജക്ട് കമ്മിറ്റി ഭേദഗതിചെയ്ത രൂപത്തിലല്ല, അത് സർക്കുലേറ്റ് ചെയ്ത രൂപത്തിലുള്ള മാക്സിമം 1000 രൂപ പരിധി നിശ്ചയിച്ചുകൊണ്ടുള്ള ബിൽ ഇവിടെ മാർച്ചിലെ സെഷനിൽ സർക്കുലേറ്റ് ചെയ്തു. ഇന്ന് റെയിൽവേ കൂപ്പണിനേയും മറ്റും റേറ്റ് വർദ്ധിപ്പിക്കുന്ന ഒരു ബില്ലും എം. എൽ. എ. മാരുടെ പെൻഷൻ വർദ്ധിപ്പിക്കുന്ന ഒരു ബില്ലും ഇവിടെ സർക്കുലേറ്റ് ചെയ്തു. ആ അവസരത്തിൽ തന്നെ കൂപ്പണിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ മാത്രമാണ് പ്രതിപക്ഷവുമായി ചർച്ച ചെയ്തത്. കോൺസൻസ് ഉണ്ടാക്കിയത്. അത് ഞങ്ങൾ സ്വീകരിച്ചു. അങ്ങനെ ഒരു കോൺസൻസില്ലാതെ ഏകപക്ഷീയമായി കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ അന്ന് ഞാൻ ഇതിനെ എതിർത്തതുമാണ്. അന്ന് എതിർത്ത അവസരത്തിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അത് ചർച്ചക്ക് എടുക്കുന്നില്ലെന്നു പറഞ്ഞു. സർക്കുലേറ്റ് ചെയ്തെങ്കിലും അത് ചർച്ച ചെയ്യുന്നില്ലെന്നു പറഞ്ഞുകൊണ്ട് പിൻവലിച്ചു. അതേ ബില്ലുതന്നെ പ്രതിപക്ഷത്തിന്റെ എതിർപ്പുള്ളതുകൊണ്ട്, കോൺസൻസ് ഇല്ലാത്തതുകൊണ്ട് അവതരിപ്പിക്കുന്നില്ലെന്നുപറഞ്ഞു. അതേ ബിൽ അതേ നിയമസഭയിൽതന്നെ പ്രതിപക്ഷവുമായി ആലോചിക്കാതെ വീണ്ടും കൊണ്ടുവന്നു എന്നുള്ളത് തീർച്ചയായും പ്രതിപക്ഷത്തോടുള്ള ഒരു അനാദരവ്, കീഴ്വഴക്കങ്ങളോടുള്ള ലംഘനമാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇവിടെ 1979-ൽ ശ്രീ. പി. കെ. വി. മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ ഇതുപോലെ എം. എൽ. എ. മാരുടെ ചില ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഒരു ബിൽ അവതരിപ്പിച്ചതാണ്. പക്ഷേ അത് ആദ്യം കൊണ്ടുവരുന്നതിനെ സംബന്ധിച്ച് കോൺസൻസൊക്കെ ഉണ്ടാക്കിയെങ്കിലും അവതരിപ്പിച്ച സമയത്ത് അന്ന് പ്രതിപക്ഷനേതാവായിരുന്ന സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് ഫ്ലോറിൽ കയറി അതിനെ ഒബ്ജക്ട് ചെയ്തു. അങ്ങനെ ഒബ്ജക്ട് ചെയ്ത നിമിഷത്തിൽ ശ്രീ. പി. കെ. വി. ആ ബിൽ വിത്ഡ്രോ ചെയ്തു. സർ, അതാണ് ഈ സഭയുടെ പാരമ്പര്യം. ഈ കേരള നിയമസഭയുടെ കീഴ്വഴക്കമതാണ്. (ബഹളം)

6 P.M.]

മി. സ്പീക്കർ: വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ മെമ്പർമാരാണ് സംസാരിക്കുന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, എന്റെ പോയിന്റ് ഒന്ന് ക്ലിയറാക്കാൻ അനുവദിക്കണം. അത് അന്ന് പിൻവലിച്ചു. പിൻവലിച്ചതിനു ശേഷം പിന്നത്തെ നിയമസഭയിൽ അതേ ആനുകൂല്യങ്ങൾ തന്നെ വർദ്ധിപ്പിച്ചുകൊണ്ടുള്ള ബിൽ വീണ്ടും പ്രതിപക്ഷത്തിന്റേയും ഭരണപക്ഷത്തിന്റേയും എല്ലാം കോൺസൻസ് എടുത്തുകൊണ്ട് വീണ്ടും ഇവിടെ അവതരിപ്പിച്ചു, പാസ്സാക്കി. അപ്പോൾ ഇത് ഒരു കോൺസൻസ് ഉണ്ടാക്കിയിട്ട് വീണ്ടും പാസ്സാക്കാൻ സന്ദർഭം കിട്ടുമ്പോൾ പാസ്സാക്കാം. ഈ കീഴ്വഴക്കത്തിന് കോൺസൻസ് ഇല്ലാത്തതുകൊണ്ട് ഒരിക്കൽ പിൻവലിച്ചു.

പിന്നീട് അതേ ബിൽ തന്നെ, അതേ ആനുകൂല്യങ്ങളും തന്നെ കോൺസൻസ് ഉണ്ടാക്കിക്കൊണ്ട് ഈ സഭ പാസ്സാക്കി. ഇപ്പോൾ ഇത് കൊണ്ടുവരുന്നതിനെ ഞങ്ങളും ഒബ്ജക്ട് ചെയ്തതാണ്. അങ്ങനെ ഞങ്ങളുടെ ഒബ്ജക്ഷനെയൊക്കെ അവഗണിച്ചുകൊണ്ട് പാസ്സാക്കിയെന്നു പറഞ്ഞുകൊണ്ടുവരുന്ന ആ കീഴ്വഴക്കം തീർച്ചയായിട്ടും അംഗീകരിക്കാൻ കഴിയുകയില്ല. ഇത് കൂട്ടൽ മാത്രമല്ല. ഇപ്പോൾ നമ്മൾ പാസ്സാക്കിയ ബിൽ ഒരിക്കൽ പാസ്സാക്കിയതാണ്. അന്ന് എം. എൽ.എ. മാർക്ക് എല്ലാ മെഡിക്കൽ ഫെസിലിറ്റീസും അനുവദിച്ചുകൊണ്ടുള്ള ഒരു ബിൽ ഗവൺമെന്റ് പാസ്സാക്കി. എം. എൽ. എ. മാർക്ക് അനുവദിച്ച എല്ലാ ആനുകൂല്യങ്ങളും എക്സ് എം. എൽ. എ. മാർക്കും അംഗീകരിച്ചു. അത് ഇപ്പോൾ വെട്ടിക്കുറച്ചുകൊണ്ട് എം. എൽ. എ. മാർക്കുള്ള മുഴുവൻ ആനുകൂല്യങ്ങളും എക്സ് എം. എൽ. എ. മാർക്ക് അനുവദിച്ചതിനെ നിയന്ത്രിച്ചുകൊണ്ട്, ഫസ്റ്റ് ഗ്രേഡ് ഓഫീസർമാർക്ക് അല്ലെങ്കിൽ ഗ്രേഡ്-I ഓഫീസർമാർക്കുള്ള സൗകര്യം മാത്രമാക്കി വെട്ടിക്കുറച്ചുകൊണ്ട് പാസ്സാക്കി. അത് കോൺസൻസ് ഉണ്ടാക്കിയിട്ടാണ് പാസ്സാക്കിയത്. രേണുകക്ഷി അങ്ങോട്ടുമിങ്ങോട്ടുമൊക്കെ മാറുമല്ലോ. വേറെ ഒരു രേണുപക്ഷം വരികയാണെങ്കിൽ ഇതിനെ വെട്ടിക്കുറച്ചുകൊണ്ട് ഒരു ബിൽ വരുമ്പോഴും അന്ന് പ്രതിപക്ഷത്തിന്റെ കോൺസൻസ് ഇല്ലാതെ കൊണ്ടുവരുന്നത് ശരിയല്ല. ഇത് കൂട്ടൽ മാത്രമല്ല വെട്ടിക്കുറച്ചുകൊണ്ടു. അമെൻറ്മെന്റ് കൊണ്ടുവരാം. ആ ഒരു കീഴ്വഴക്കം ഈ നിയമസഭയിൽ നിലനിൽക്കുന്നതിനെ ലംഘിച്ചുകൊണ്ടുള്ള ഈ പോക്ക് തീർച്ചയായിട്ടും ഒരു നല്ല കീഴ്വഴക്കമല്ല. അത് കൂടുതൽ ദോഷം ചെയ്യുന്നതാണ്. മറ്റു വാദഗതിയിലേക്ക് ഒന്നും ഞാൻ പോകുന്നില്ല ഇവിടെ ഒരു ഡോക്യുമെന്റ് ഒക്കെ വിതരണം ചെയ്ത മധുലിമായേയുടെ—ഗവൺമെന്റ് എംപ്ലോയീസിന്റ് ശമ്പളം വർദ്ധിപ്പിക്കുന്നതിന്റെ, പേ കമ്മീഷന്റെ, തൊഴിലാളികൾക്ക് ഡി.എ. വർദ്ധിപ്പിക്കുന്നതിന്റെ, ആ വക ന്യായങ്ങളൊക്കെ ഒരു രണ്ടു കൊല്ലം എം. എൽ. എ. ആയാൽ, ആ ആളിന് പിന്നെ ആജീവനാന്തം ചെലവിന് കൊടുക്കണമെന്നുള്ള തത്വത്തിനോടൊന്നും ഞാൻ യോജിക്കുന്നില്ല. നിയമസഭാമെമ്പർമാരൊക്കെ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധിയായിട്ടാണ് തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നത്. അങ്ങനെ നിയമസഭയിൽ വന്ന് പ്രവർത്തിക്കുന്നവർക്ക് ഒരു പ്രത്യേക പരിഗണന, മറ്റ് രാഷ്ട്രീയ പ്രവർത്തകർക്ക് മറ്റൊരു പരിഗണന—അതിനോടൊന്നും എന്റെ പാർട്ടി യോജിക്കുന്നില്ല. അതുകൊണ്ടാണ് ഇത് ഉംപ്പെടുത്താൻ പാടില്ലെന്ന് പറഞ്ഞത്. ഞാൻ ഇതിനെ ഔട്ടലായിട്ട് ഒപ്പോസ് ചെയ്യുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ചില അഭിപ്രായങ്ങളെ ഞാൻ എതിർക്കുകയാണ്. പാർലമെന്റിൽ നിലവിലിരിക്കുന്ന നടപടിക്രമമാണ് ഈ സഭയിലും സ്വീകരിച്ചിരിക്കുന്നതെന്ന വാദഗതിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഉന്നയിച്ചത്. അതിനെ സംബന്ധിച്ചിടത്തോളം എനിക്ക് ഒരു കാര്യം പറയാനുണ്ട്. പാർലമെന്റിൽ പല ജനാധിപത്യ കീഴ്വഴക്കങ്ങളും, ജനാധിപത്യ നടപടിക്രമങ്ങളുമുണ്ട്. അതൊന്നും പകർത്താൻ ഇതിനുമുമ്പ് യാതൊരു വ്യഗ്രതയും കാണിക്കാത്ത നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പെൻഷന്റെ കാര്യത്തിൽ മാത്രം പാർലമെന്റിനെ അനുകരിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഈ വ്യഗ്രത കാണിക്കുന്നതെന്തെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ട് ആ വാദഗതി ഒരിക്കലും ശരിയല്ല. ഞാൻ ഈ നിർദ്ദേശത്തെ പൂർണ്ണമായി എതിർക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ബേബി ജോൺ പറഞ്ഞതിനോട് മൗലികമായിട്ട് ഞാൻ യോജിക്കുന്നില്ല. കാരണം, ഇ സെഷൻ വിളിച്ചുകൂട്ടിയിട്ടുള്ളത് സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലല്ല. ഈ ഗവൺമെന്റ് ഒരു ഓർഡിനൻസ് ഗവൺമെന്റാണ് എന്നുള്ള പ്രതിപക്ഷത്തിന്റെ വിമർശനങ്ങൾ അടിസ്ഥാനരഹിതമായിരുന്നുവെങ്കിൽ പോലും ആവർത്തിച്ചപ്പോൾ ഈ സഭയുടെ അംഗീകാരത്തോടുകൂടി എല്ലാ നിയമങ്ങളും പാസ്സാക്കണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് കഴിഞ്ഞ സെഷനിൽ തന്നെ ഉണ്ടായിരുന്ന ഓർഡിനൻസ് എല്ലാം ബില്ലാക്കി അത് സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്തത്. അങ്ങനെ സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്ത ബില്ലുകളാണ് കൊണ്ടുവന്ന് പാസ്സാക്കിയെടുക്കുന്നത് ഒരു അടിയന്തിരാവസ്ഥയല്ല; അല്ലെങ്കിൽ അടിയന്തിരമായി വിളിച്ചുകൂട്ടിയതല്ല. ജനാധിപത്യവ്യവസ്ഥയിലെ സാമാന്യ മര്യാദയനുസരിച്ച് ഒരു കാര്യം ഈ ഗവൺമെന്റിന്റെ നയം എന്നുള്ള നിലയിൽ നടത്താൻ വേണ്ടിയാണ്.

ശ്രീ. ബേബി ജോൺ: സർ, മറന്നിട്ടില്ലാവർക്കും ഉണ്ട്. ഈ സഭ തുടങ്ങിയ ആദ്യത്തെ ദിവസം ഞാൻ ഒരു ക്രമപ്രശ്നം ഉന്നയിച്ചുകൊണ്ട് പറഞ്ഞപ്പോൾ അങ്ങ് തന്നെ മറുപടി പറഞ്ഞു സുപ്രീം കോടതി വിധിയെ തുടർന്നുണ്ടായ ചില കാര്യങ്ങൾ ആലോചിക്കുന്നതിനു കൂടിയാണെന്ന്.

ശ്രീ. കെ. കരുണാകരൻ: സർ, സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്ന് പറഞ്ഞിട്ടില്ല. നിങ്ങളിൽ ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നു. ഈ മൂന്നു ദിവസം അസംബ്ലി കൂടിയിട്ടുള്ളത് പുതുതായി വേറെയൊന്നും എടുത്തിട്ടില്ല. കഴിഞ്ഞ നിയമസഭയിൽ സർക്കുലേറ്റ് ചെയ്തതാണ് എം. എൽ. എ. മാർക്കുള്ള ബെനിഫിറ്റിനെ സംബന്ധിച്ചുള്ള ബിൽ. ആ ബിൽ അന്ന് അവതരിപ്പിക്കാതിരുന്നത് സമയക്കുറവുകൊണ്ടാണ്. അതു ശരിയാണ്. അതുകൊണ്ട് ഇത് അടിയന്തിരമായിട്ട്, ഒരു പ്രത്യേക ആവശ്യത്തിന് ഈ ബിൽ സഭയിൽ പാസ്സാക്കുന്നതിൽ ഒരു അനൗചിത്യവുമില്ല. കാരണം, 5 കൊല്ലം പൂർത്തിയാക്കുന്ന ഒരു നിയമസഭക്ക് തീർച്ചയായിട്ടും ചെയ്യേണ്ട ഒരു പ്രാഥമിക കടമ ചെയ്യാനുള്ള ബാധ്യതയുണ്ട്.

സർ, മറ്റൊന്ന് ഇവിടെ കിഴ്വഴക്കങ്ങളെക്കുറിച്ച് പറഞ്ഞു. അവിടെ എന്റെ സ്നേഹിതൻ ശ്രീ. ബേബി ജോൺ മറന്നു നല്ലതാണെന്നു പറഞ്ഞ കാര്യം ഞാൻ ഓർമ്മിക്കുകയാണ്. ഇതാദ്യമല്ല, ഇങ്ങനെയുള്ള ആനുകൂല്യങ്ങൾ കൊണ്ടുവരുന്ന അവസരത്തിൽ ഈ സഭയിൽതന്നെ ശക്തിയായി എതിർത്തിട്ടുണ്ട്. പെൻഷൻ സമ്പ്രദായത്തെപ്പോലും മാർക്സിസ്റ്റ് പാർട്ടി എതിർത്തിട്ടുണ്ട്. ബഹിഷ്കരിക്കണമെന്നു പറഞ്ഞു. പറയും; ശക്തിയായിട്ട് എതിർക്കും; വോട്ട് ചെയ്യും. പാസ്സാക്കി വാങ്ങിക്കും. അതിൽ തെറ്റില്ല. കാരണം, നിയമം പാസ്സാക്കിയാൽ നിയമമാണ്. ഇപ്പോൾ ഈ സംഖ്യയെ സംബന്ധിച്ചുള്ള വ്യത്യാസം ഇത്രയേയുള്ളൂ. ഇവിടെ നിന്ന് ചില മെമ്പർമാർ ചോദിച്ചപ്പോൾ എന്റെ സ്നേഹിതൻ ശ്രീ. ബേബി ജോൺ പറഞ്ഞു



LIBRARY ARCHIVES Kerala Legislative Assembly

നിത്യകൂലിക്കാരാണെന്ന്. നമ്മുടെ സഭയ്ക്കകത്ത് വ്യവസായികളുണ്ട്, നിത്യകൂലിക്കാരുണ്ട്, അദ്ധ്യാപകന്മാരുണ്ട് പല്ലുവരുമുണ്ട്. അത് ജനാധിപത്യത്തിന്റെ ഒരു പ്രത്യേകതയാണ്. അങ്ങനെയുള്ള ഒരു നിയമസഭയിൽ പാവപ്പെട്ടവരുമുണ്ടാകും സൗകര്യമുള്ള ആളുകളുമുണ്ടാകും. ആ നിലയിലല്ല നമ്മൾ ഇതിനെ കാണേണ്ടത്. ഒരുകൊണ്ടാണ് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഭേദഗതി സ്വീകരിക്കാത്തത്. പ്രതിപക്ഷനേതാവ് കൊണ്ടുവന്നതിലും അദ്ദേഹത്തിനെ സംബന്ധിച്ചിടത്തോളം അതിനൊരു തത്വമുണ്ട്. അതായത് 450 രൂപ ആയിരുന്ന ശമ്പളം 750 രൂപയായി വർദ്ധിപ്പിച്ചതുകൊണ്ട് ആ സംഖ്യയാക്കാമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അത് തെറ്റില്ല. പക്ഷേ ചിലർ പറഞ്ഞു 1000 രൂപ ഫിക്സഡ് എമൗണ്ട് ഉണ്ട് അതല്ല ശരിയായിട്ടുള്ളതെന്ന്. അതും ശരിയാണ്. അപ്പോൾ 750 രൂപ വേണമോ 1000 രൂപ വേണമോയെന്നുള്ളതാണ്. പൊതുവെ എടുത്ത സമീപനം എന്താണെന്നു വച്ചാൽ ഈ കാര്യത്തിൽ ജനസേവനം നടത്തിയിട്ടുള്ള പാർലമെന്റ് അംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കും എല്ലാവർക്കും വ്യവസായമോ, കച്ചവടമോ അല്ലെങ്കിൽ മറ്റ് ഉദ്യോഗമോ ഒന്നും ഉണ്ടാവുകയില്ല. ഈ കേരളത്തിലെ ആളുകളും ഒരിക്കലും അതിനെ എതിർക്കുകയില്ല. അങ്ങനെയുള്ള സ്വസ്ഥകാരുള്ളവരല്ല. ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത് ഇത്രമാത്രമേയുള്ളൂ. നമ്മൾ ഓരോ അവസരം വരുമ്പോഴും ഭേദഗതിയായിട്ട് മാറും. നാളെ ശമ്പളം വർദ്ധിപ്പിക്കുകയാണ്. പിന്നെയും അത് വർദ്ധിപ്പിക്കണം. അങ്ങനെ വർദ്ധിപ്പിക്കുന്നതിനോട് ആരും എതിർപ്പു പറഞ്ഞിട്ടില്ല. കാരണം, ഇവിടെ ഈ സഭയിൽ പറഞ്ഞതുപോലെ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം വർദ്ധിപ്പിക്കുന്നുണ്ട്; പെൻഷൻ വർദ്ധിപ്പിക്കുന്നുണ്ട്; ഉദ്യോഗസ്ഥന്മാർക്കൊക്കെയാകാമെങ്കിലും ഇത് വർദ്ധിപ്പിക്കുന്നതിൽ തെറ്റുണ്ടെന്ന് കരുതുന്നില്ല. അതിന് ആർക്കും അഭിപ്രായവ്യത്യാസമില്ല.

ശ്രീ. ടി. എസ്. ജോൺ: സർ, ഒരു ചോദ്യം. 1952-ലെ നിയമസഭ ഒന്നര വർഷം കഴിഞ്ഞപ്പോൾ പിരിച്ചുവിട്ടു. അതിൽ എക്സ്.എം.എൽ.എ. മാരായിട്ടുള്ള നാലഞ്ചു പേരുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ കൃഷ്ണദാസ് എന്നുപറഞ്ഞ ഒരു ഹരിജൻ ഉണ്ട്. He is suffering a lot now. അങ്ങനെ ഒരു വർഷമായ അവർക്കുകൂടി മിനിമം പെൻഷൻ കൊടുക്കണം. അവരുടെ കുറ്റം കൊണ്ടല്ലേ നിയമസഭ പിരിച്ചു വിട്ടത്. അവർക്കുകൂടെ ആ ആനുകൂല്യം കൊടുക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: കഴിഞ്ഞപ്രാവശ്യം നമ്മൾ ഈ കാര്യം ചർച്ച ചെയ്തതുകൊണ്ടാണ് വളരെയധികം ചർച്ചചെയ്ത ഒരു കാര്യമാണിത്. ഒരു രണ്ടുവർഷമെങ്കിലും വേണമെന്നുള്ള നിലയിൽ അവസാനം വന്ന് ഒരു കോംപ്രൈസിൽ എത്തിയതാണ്. അവിടെ ഈ കോൺസെൻസിനെക്കുറിച്ചൊക്കെ പറഞ്ഞ ഒരു ഭാഗം അതായിരുന്നു. അങ്ങനെ രണ്ടുകൊല്ലം വേണമെന്നു വച്ചു. സർ, അത് പിന്നീട് ആലോചിക്കാവുന്ന ഒരു കാര്യമാണ്. പക്ഷേ അന്നുണ്ടായിരുന്ന ഒരു കാഴ്ചപ്പാട് കേരളത്തിൽ ഒരിക്കലും അഞ്ചുവർഷം ഒരു നിയമസഭയുടെ കാലാവധി ഉണ്ടാകുകയില്ലെന്നാണ്. തിരിച്ച് നമ്മൾ തന്നെ വേറെ കൊണ്ടുവരേണ്ട കാര്യമുണ്ടോ? അഞ്ചു കൊല്ലം പൂർത്തിയാക്കും. ഇനിയങ്ങോട്ട് നിയമസഭയും. അഞ്ചുകൊല്ലമുണ്ടാകും. അതിനുള്ള എല്ലാവിധത്തിലുമുള്ള മാനസികമായ രാഷ്ട്രീയ സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലുണ്ടാക്കാൻ സാധിച്ചതാണു സർ, ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിൻെറ ഏറ്റവും വലിയ കഴിവ്. ഇത് പാസ്സാക്കുന്നതു് (ശ്രീ. ബേബി ജോൺ പറഞ്ഞതിനിടയിൽ പുതിയ ആളുകൾക്കു് കൂടി മതി.) പോരാ എന്നുള്ള വിശ്വാസത്തിലല്ല. ഈ സഭതന്നെ പാസ്സാക്കിയതിൽ അടുത്ത സഭയിൽ വരാത്ത പലരും അപ്പുറത്തിരിക്കുന്നുണ്ടാകും. ഇപ്പുറത്തും ഉണ്ടാകും. ഇല്ലെന്നു ഞാൻ പറയുന്നില്ല. അവർക്കു കൂടി ഇത് വളരെ സഹായകരമായിരിക്കും. അതുകൊണ്ട് പിരിഞ്ഞുപോകുന്ന നിയമസഭ ഇതു പാസ്സാക്കുന്നതിൽ ഒരു ഔചിത്യക്കുറവുമില്ല. പുതുതായിട്ടു വന്ന ആളുകളെ സംബന്ധിച്ചിടത്തോളം നമുക്കും ഉണ്ടായിരുന്നു. നമ്മളും കഴിഞ്ഞതവണ വന്നപ്പോൾ ആദ്യം ഇത് എടുത്തു. പിന്നീടു് പുറപ്പുകഴിയട്ടെയെന്നു പറഞ്ഞു നീട്ടിക്കൊണ്ടുപോയി. ഇപ്പോൾ അഞ്ചു വർഷമായി. നേരത്തേതന്നെ ഇത് ആലോചിച്ചതാണ്. അല്ലാതെ ഇതിൽ യാതൊരു ദുഃസൂചനയോ യാതൊരുവിധത്തിലുള്ള ദുരുദ്ദേശമോ ഇല്ല. പാർലമെൻറ് അപ്പർ ലിമിറ്റ് എടുത്തു കളഞ്ഞതുകൊണ്ട് കാലാകാലങ്ങളിൽ പെൻഷനുവേണ്ടി ഒരു ഭേദഗതിയുമായി വരാൻ ഒരവസരത്തിലും ഇടയാകാത്തവിധംതന്നെ ഇതിനു് ഒരു അപ്പർലിമിറ്റ് എടുത്തുകളയുന്നുവെന്നല്ലാതെ ഏതെങ്കിലും ഒരു പുതിയ സമീപനമോ നയമോ ഈ കാര്യത്തിലില്ല. അതുകൊണ്ട് ഇത് എല്ലാവരുംകൂടി ഏകോപിച്ച് പാസ്സാക്കിത്തരണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ, പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പരിഗണനയ്ക്കെടുത്തു.

ക്ലോസ്-2

ശ്രീമതി കെ.ആർ.ഗൗരി: സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു.

"For the amendment proposed to the proviso to sub-section (1) of section 2 of the Principal Act by Clause 2 (ii) substitute the following namely:—

"Provided that where any person has served as aforesaid for a period exceeding two years there shall be paid to him an additional pension of fifty rupees per mensum for every year in excess of two years, so however that in no case the pension payable to such person shall exceed seven hundred and fifty rupees per mensum."

സർ, ഞങ്ങളുടെ നേതാവ് ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, ഞങ്ങൾക്ക് പെൻഷനെസംബന്ധിച്ച് കൂട്ടായിട്ടുള്ള ഒരു ധാരണയുണ്ടാക്കാൻ അവസരം ലഭിച്ചില്ലായെന്ന്. ബഹുമാനപ്പെട്ട മെമ്പർ കെ.പി. പ്രഭാകരൻ പറഞ്ഞതുപോലെ കഴിഞ്ഞ നിയമസഭാകാലത്ത് ഇതു വന്നതാണ്. അന്ന് ഞങ്ങൾ ഒന്ന് ആലോചിക്കണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. പിൽക്കാലത്ത് കുറെ ദിവസം കഴിഞ്ഞ് ചില അഭിപ്രായവ്യത്യാസം വന്നതിന്റെപേരിൽ ചീഫ് വിപ്പ് പറഞ്ഞു, ഇനി അവതരിപ്പിക്കുന്നില്ലെന്ന്. പിന്നെ ഞങ്ങൾ അതിനെക്കുറിച്ച് ആലോചിച്ചില്ല; കൂട്ടായിട്ട് ആലോചിക്കാനും കഴിഞ്ഞില്ല. പക്ഷേ ഇത് അവതരിപ്പിച്ച് നിർബ്ബന്ധമായിത്തന്നെ പാസ്സാക്കുമെന്നാണ് ഗവൺമെന്റിന്റെ മനോഭാവമെന്നു മനസ്സിലാക്കിയതിനുശേഷം ഞങ്ങളുടെ പാർട്ടി മാത്രം പോയി. മറ്റെ പാർട്ടികളുമായിട്ട് ഞങ്ങൾക്ക് കൂടിയാലോചിക്കാൻ കഴിഞ്ഞില്ല. ഞങ്ങൾക്ക് ശ്രീ. പ്രഭാകരൻ പറഞ്ഞ എല്ലാ അഭിപ്രായവും ഉണ്ട്. ആ അഭിപ്രായം വച്ചുകൊണ്ട് പറയുകയാണ്, ഇത് കൂട്ടായിട്ടുള്ള ചർച്ചയിൽ എല്ലാവരും യോജിച്ചിട്ടുള്ള വിധത്തിൽ കൊണ്ടുപോകത്തക്കതരത്തിലുള്ള നടപടിക്രമം ആകണം. ഞങ്ങൾ പലപ്പോഴും എതിർത്തിട്ടുണ്ട്. അഭിപ്രായം സ്വീകരിക്കാൻ പറ്റാത്തപ്പോൾ എതിർത്തിട്ടുണ്ട്. എതിർക്കാതിരുന്നിട്ടില്ല. ഞങ്ങൾ ഇതിന് അടിസ്ഥാനമായി ഇതിനെ എടുത്തിട്ടുള്ള മനോഭാവം ഇതാണ്. സർ, എം. എൽ. എ. മാർക്ക് 750 രൂപയാണ് ഇന്നു കൊടുക്കുന്നത്. അതുകൊണ്ടാണ് 750 രൂപ മാക്സിമമെന്ന് ഞങ്ങളുടെ പാർട്ടി മാത്രം ആലോചിച്ച് ഈ വിധത്തിലുള്ള ഒരു തീരുമാനമെടുക്കാൻ ഇടയായത്. പഴയകാലത്തെ ചരിത്രം മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹം എല്ലാം ഓർക്കാഞ്ഞിട്ടായിരിക്കും അങ്ങനെ പറഞ്ഞത്. നമ്മൾ ആദ്യം 'Pension to M.L.As.' എന്നുള്ള നിയമം കൊണ്ടുവന്ന പ്പോൾ അന്ന് 5 കൊല്ലമാണ് വച്ചിരുന്നത്. അതായത് അഞ്ചുകൊല്ലം മിനിമം സെർവ് ചെയ്യുന്ന ആളുകൾക്കു കൊടുക്കുന്ന പെൻഷൻ ഇത്രയാണ് എന്ന്. 350 രൂപയാണെന്നു തോന്നുന്നു അന്നുവച്ചിരുന്നത്. അതാണ് മാക്സിമമാക്കി വരാൻവിധത്തിൽ 450 ആയത്. അതു കഴിഞ്ഞതിനു ശേഷം കാലാകാലങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെയടിസ്ഥാനത്തിൽ ചില ദേഗതികളൊക്കെ വന്ന് രണ്ടു കൊല്ലമാക്കി മാറ്റി. അന്ന്, 1952 ഞാൻ തിരഞ്ഞെടുക്കപ്പെട്ടുവന്നപ്പോൾ ടി. എസ്. ജോൺ പറഞ്ഞതുപോലെ അന്നത്തെ നിയമസഭ ഒരു കൊല്ലവും പത്തു മാസവുമാണ് കൂടിയത്. എന്നെ 1965-ലും തിരഞ്ഞെടുത്തു സർ. പക്ഷേ ഒരൊറ്റ ദിവസം പോലും നിയമസഭ കൂടിയില്ല. അതുകൊണ്ട് ഒരു കൊല്ലമോ അല്ലെങ്കിൽ മറ്റുള്ളവിധത്തിലോ അത് മാറ്റപ്പെടണമെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല. കാരണം, പ്രഭാകരൻ പറഞ്ഞതുതന്നെയാണ് ശരി. പൊതുജനപ്രവർത്തകരുടെ സ്ഥിതി നേരാണ്. ഇതുകഴിഞ്ഞ് പോയിക്കഴിഞ്ഞാൽ ബുദ്ധിമുട്ടുന്നവരുണ്ടാകും, ഇല്ലായ്മകളും ഉണ്ടാകും. ഏതെങ്കിലും വിധത്തിൽ വളരെക്കൂടുതൽ സമ്പാദിച്ച് ഇത് ഇല്ലെങ്കിലും കഴിയത്തക്ക ആളുകളും എം. എൽ. എ. എന്നപേരു പറഞ്ഞു ഉണ്ടാകും. ഇല്ലെന്ന് ഞാൻ പറയുന്നില്ല. എങ്കിലും നമ്മൾ കേരളത്തിലാണ് ജീവിക്കുന്നത്. കേരളത്തിൽ ജീവിക്കുന്നവർ കേരളത്തിന്റെ പ്രത്യേകതയെടുത്തുവെച്ചുകൊണ്ട് കേരളത്തിൽ താമസിക്കത്തക്കവിധത്തിൽ കേരളത്തിലെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട് അതിനൊരു മാനദണ്ഡം നിശ്ചയിക്കണമെന്നാണ് എന്റെ അഭിപ്രായം. പെൻഷനെ സംബന്ധിച്ച് തീർച്ചയായും ഇതിനേക്കാൾ കൂടുതൽ വേണ്ട എന്നാണ് ഞങ്ങളുടെ അഭിപ്രായം. സർ, അദ്ദേഹം ഇവിടെ ഒരു കാര്യം പറഞ്ഞു. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിൽ വിധിക്കുന്നത് രണ്ടു കൊല്ലം ശിക്ഷയോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ആണ്, അത് കോടതി വിധിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

താണ്. പ്രതിക്കുള്ള ഓപ്ഷനൊന്നും അതിലില്ല. ഒരു ഓപ്ഷനും ഇല്ല. അദ്ദേഹം ഓപ്ഷനാണ് എന്നാണു പറയുന്നത്. അങ്ങനെ ഓപ്ഷനൊന്നും അതിനില്ല. നിങ്ങൾക്ക് ഇഷ്ടമാണെങ്കിൽ ഓപ്ഷൻ വച്ചോ. ഞങ്ങൾക്കാർക്കും വിരോധമില്ല. എതായാലും ഞങ്ങൾക്കുള്ള അഭിപ്രായം ഇതാണ്. പെട്ടന്നു തീരുമാനിക്കാൻ ഞങ്ങൾക്ക് കണ്ടതായിട്ടുള്ള 750 രൂപ എന്നുള്ളതിനു് എന്താണ് ഒരു പ്രത്യേകത? അദ്ദേഹം പറഞ്ഞതുപോലെ ആയിരം ഒറയാണ് അല്ലെങ്കിൽ ഒന്ന് ഒറയാണ്: ആ വിധത്തിൽ എന്നുള്ളതല്ല. ഇതാണ് ഞങ്ങളെ പ്രേരിപ്പിച്ചതായിട്ടുള്ള കാര്യങ്ങൾ. അതുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഞാൻ ആദ്യം തന്നെ ഇത് വിശദീകരിച്ചു. ശമ്പളം മാറുമ്പോൾ പെർഷന്റ് മാറുന്ന സ്ഥിതിയല്ല നല്ലത്. അതുകൊണ്ടാണ് അപ്പർലിമിറ്റ് എടുത്തു കളയുന്നത്. എത്ര എമൗണ്ടെന്ന് നമ്മൾ നിശ്ചയിക്കുന്നില്ല. അത്രയും കാലം ജനങ്ങൾ ആളുകളെ സെർവ് ചെയ്യാൻ തിരഞ്ഞെടുക്കുന്നുണ്ടെങ്കിൽ അവർ ഇത് വാങ്ങിക്കുന്നതിനും ജനങ്ങൾക്ക് വിരോധമുണ്ടാവുകയില്ല സർ. 750 രൂപയെന്നുള്ളത് 15 കൊല്ലം വരെ ആകാമല്ലോ. 15 കൊല്ലത്തിനു മേലെയും ജനങ്ങൾ തെരെഞ്ഞെടുക്കുകയാണെങ്കിൽ, അങ്ങനെ ജനങ്ങൾ തെരഞ്ഞെടുക്കുന്ന ആളുകൾക്ക് ഇത് കൊടുക്കുന്നതിനോട് ജനങ്ങൾക്ക് ഒരു എതിരഭിപ്രായവും ഉണ്ടാവുകയുല്ല. അതുകൊണ്ട് അപ്പർലിമിറ്റ് എടുത്തു കളയുന്നുവെന്ന് മാത്രമേയുള്ളൂ. സർ, ഓപ്ഷന്റെ കാര്യത്തിൽ ഞാൻ വക്കീലൊന്നുമല്ല. ബഹുമാനപ്പെട്ട ഗൗരിയമ്മയ്ക്ക് വളരെ വിദഗ്ദ്ധമായ അഭിപ്രായമാണുള്ളത്. 100 രൂപ പിഴയോ, പിഴ അടയ്ക്കുന്നില്ലെങ്കിൽ രണ്ട് ആഴ്ച തടവോ എന്നു പറഞ്ഞാൽ പിഴ അടയ്ക്കണമോ തടവു വേണമോ എന്നുള്ള ഓപ്ഷൻ പ്രതിക്ക് ഉണ്ട്. അത് മനസ്സിലായല്ലോ? അതുകൊണ്ട് മജിസ്ട്രേട്ടിനു മാത്രമല്ല, പ്രതിയ്ക്കും ഉണ്ട് ഈ അവകാശം. എതായാലും ശരി 750 രൂപയെന്നുള്ളത് വർദ്ധിപ്പിക്കുന്നതിനോട് എതിരല്ല. ആ സ്ഥിതിക്ക് കാലാകാലങ്ങളിൽ വർദ്ധിപ്പിക്കാൻ ഇടയാക്കാതെ അപ്പർലിമിറ്റ് എടുത്തു കളയുന്നു. ഇതല്ലാതെ ഇതിൽ കൂടുതലൊന്നും ചെയ്യുന്നില്ല. ഭേദഗതി അംഗീകരിക്കാൻ നിവൃത്തിയില്ലാതെ വന്നതിൽ ഖേദമുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

2.00 വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

2.00 വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

1-ാം വകുപ്പും പീഠികയും പേരും

*Chief Minister* (**Shri. K. Karunakaran**): Sir, I move that in sub-clause (1) of clause 1, for the brackets and word "(Amendment)", the brackets and words "(Second Amendments)" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേഗേതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേഗേതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1986-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേഗേതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവകുപ്പുമന്ത്രി (ശ്രീമതി. എം. കമലം): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ.പി. സീതിഹാജി: സർ, ഈ സഭയിൽ ആദ്യമായിട്ടല്ലേ പെൻഷൻ ബിൽ കൊണ്ടുവന്നത്? ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ വളരെ വികാരഭരിതനായി പ്രസംഗിച്ചപ്പോൾ ഞാനോർക്കുകയായിരുന്നു— ചേലോട്ട് അച്യുതമേനോൻ ഇവിടെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ സഖാവ് ഇ.എം. എസ്. അവിടെ നിന്നിട്ട് മി. സഖാവ് അച്യുതമേനോൻ, മുഖ്യമന്ത്രി അച്യുതമേനോൻ നിങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നത് പെൻഷൻ കൊടുക്കാൻ വേണ്ടിയായിരുന്നോ എന്നു ചോദിച്ചത്. അന്ന് പ്രമേയം കൊണ്ടുവന്ന് പാസ്സാക്കി. അന്ന് പി. കെ. വി കാണിച്ച വികാരം ശ്രീ. അച്യുതമേനോൻ കാണിച്ചില്ല. 1980 മുതൽ ധാരാളിയതെ പെൻഷൻ പാറുന്നുണ്ട് ഇ. എം. എസ്. എന്നാൽ വാങ്ങാതിരിക്കണം. ഓപ്ഷൻ നന്ന്. ഇപ്പോൾ പ്രതിപക്ഷ നേതാവിനുള്ള ആനുകൂല്യങ്ങളൊന്നും ഇ. കെ. നായനാർ വാങ്ങുന്നില്ല. കാറ് വാങ്ങിയിട്ടില്ല, ബംഗ്ലാവ് വാങ്ങിയിട്ടില്ല. എന്നാൽ അപ്പുറത്ത് ഇരിക്കുന്നവർ 1500 ഉറുപ്പികയാക്കണമെന്ന് ഞങ്ങളോടു പറഞ്ഞിരുന്നതാണ്. അവരിപ്പോൾ അവിടെയിരുന്നുകൊണ്ട് ശപിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടിയിലെ മെമ്പർമാർ ശപിക്കുകയാണ് ഗൗരിയമ്മയെ. കാരണം വീടു വാങ്ങാൻ കഴിയാത്ത പാവപ്പെട്ട സഖാക്കളുണ്ട് അവരുടെ കൂട്ടത്തിൽ....(ബഹളം)....വീടു വാങ്ങാൻ വേണ്ടി ഈ ഗവൺമെന്റ് സഹായം കൊടുക്കുമെന്ന് പറഞ്ഞപ്പോൾ അത് വാങ്ങാതെ അതു വേണ്ടായെന്നു പറഞ്ഞുകൊണ്ട് നിൽക്കുകയാണ് ഗൗരിയമ്മയും കൂട്ടരും. ഈ രാജ്യത്തെ ജനങ്ങളെ സേവനം ചെയ്തു എന്നതിന്റെ പേരിൽ ഒരു 50 ഉറുപ്പിക വാങ്ങുന്നത് തെറ്റാണോ സർ? എനിക്കും ബേബിജോണിനും വേണ്ട. ഞങ്ങൾ വേണമെങ്കിൽ അത് ഉപേക്ഷിക്കും. പക്ഷേ ആയിരക്കണക്കിനു് ആളുകൾ വേറെയുണ്ട് ഇത് ആവശ്യമുള്ളവരായിട്ട്. ബേബിജോണിന്റെ വികാരമൊക്കെ ഇവിടെ കണ്ടു. മി. ബേബിജോൺ മന്ത്രിയായിരുന്ന കാലത്ത് എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട് മന്ത്രിമാർക്കുള്ള ആനുകൂല്യങ്ങൾ? അതുകൊണ്ട് ഇത്തരം കാര്യങ്ങൾ പറഞ്ഞ് അവരൊക്കെ നല്ലയാളുകളാകും. ഇത് പാസ്സായിക്കഴിഞ്ഞാൽ അടുത്ത തിരഞ്ഞെടുപ്പിൽ അധികമാളുകളും പെൻഷൻ പറ്റേണ്ടയാളുകളാണ്. ആദ്യം അവർ പോയിട്ടാണ് ഈ പെൻഷൻ വാങ്ങുക, ഞങ്ങളല്ല വാങ്ങാൻ പോകുന്നതെന്നുള്ള കാര്യം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

1986-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേഗേതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സഭ അനിശ്ചിത കാലത്തേക്ക് നിർത്തിവയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ....

വളരെ ചുരുങ്ങിയ സമയംകൊണ്ട് വിളിച്ച് കൂട്ടിയ സഭാസമ്മേളനമെന്നുള്ള നിലയിൽ സാധാരണ നിലയ്ക്കുള്ള ചോദ്യങ്ങളും അനുവദിക്കുന്നതിനുള്ള പ്രായോഗികമായ പ്രയാസമുണ്ടായതൊഴിച്ചാൽ അംഗങ്ങൾക്ക് (സകലയംഗങ്ങൾക്കും) പരമാവധി അവസരങ്ങളും നൽകാനുള്ള ശ്രമങ്ങളാണ് ചെയർ നടത്തിയിട്ടുള്ളത്. ചെയറിനെ സമീപിച്ച ഒരംഗത്തേയും നിരാശപ്പെടുത്തിയിട്ടില്ലെന്നാണ് വിശ്വാസം. സഭാനടപടികളും സുഗമമായി നടത്തിക്കൊണ്ടുപോകാൻ അങ്ങേയറ്റം സഹകരിച്ച് ബഹുമാനപ്പെട്ട സഭാനേതാവിനോടും പ്രതിപക്ഷനേതാവിനോടും മറ്റു കക്ഷി നേതാക്കൻമാരോടും ബഹുമാനപ്പെട്ട മെമ്പർമാരോടും ചെയറിനുള്ള അതിയായ സന്തോഷവും നന്ദിയും രേഖപ്പെടുത്തുകയാണ്. നമുക്ക് വളരെയേറെ സമയം ഇരിക്കേണ്ടിവന്നു. അതിൽ ബുദ്ധിമുട്ടി. അതുപോലെതന്നെ ഇവിടെ ബഹുമാനപ്പെട്ട പത്രപ്രവർത്തകൻമാർ ഈ സഭയിലെ കാര്യങ്ങളറിയിക്കുവാൻ വേണ്ടി വളരെയേറെ ബുദ്ധിമുട്ടിയിട്ടുണ്ടെന്നുള്ള കാര്യം ബോദ്ധ്യമായിട്ടുണ്ട്. അവർക്കും നന്ദി രേഖപ്പെടുത്തുകയാണ്. മറ്റൊരു കൂട്ടർ നിയമസഭാ സെക്രട്ടേറിയറ്റാണ്. ഈ ചുരുങ്ങിയ സമയത്തെ സമ്മേളനത്തിന്റെ ഫലമായി ഏറ്റവും കൂടുതൽ സ്ട്രെയിൻ അനുഭവിക്കേണ്ടി വന്നിട്ടുള്ളത് നിയമസഭാ സെക്രട്ടേറിയറ്റിലെ സ്റ്റാഫിനാണ്. അവരുടെ പ്രശസ്തമായ സേവനത്തെ അങ്ങേയറ്റം ചെയർ വിലമതിക്കുകയാണ്. എല്ലാ അംഗങ്ങൾക്കും പുതുവൽസരാശംസകളും നേർന്നുകൊണ്ട് സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞതായി പ്രഖ്യാപിക്കുന്നു.

(സഭ വൈകുന്നേരം 6.23-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.)

## SECRETARIAT OF THE KERALA LEGISLATURE

### NOTIFICATION

No. 13927/Table-1/86/Leg. *Dated, Trivandrum, 23rd January,* 1987

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Fourteenth Session of the Seventh Kerala Legislative Assembly with effect from January 20, 1987.

ഇൻഡ്യൻ ഭരണഘടന 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ ഏഴാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം 1987 ജനുവരി 20-ാം തീയതി മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,
K. P. PADMANABHAN,
*Secretary,*
*Legislative Assembly.*

LIBRARY ARCHIVES Kerala Legislative Assembly